# പതിമൂന്നാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 3721      20-07-2015 ൽ മറുപടിക്ക്

### ഓപ്ഷൻ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ ജോലി ചെയ്യുന്ന ജീവനക്കാർ

**ചോദ്യം**

ശ്രീ.വി.എസ്.സുനിൽ കുമാർ

**ഉത്തരം**

ശ്രീ.പി.കെ.അബ്ദുറബ്ബ്
(വിദ്യാഭ്യാസ വകുപ്പ് മന്ത്രി)

(എ) ഹയർസെക്കന്ററി ഡയറക്ടറേറ്റിലും മേഖലാ ഓഫീസുകളിലും ഓപ്ഷൻ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ ജോലി ചെയ്തു വന്നിരുന്ന എത്ര സർവ്വകലാശാലാ ജീവനക്കാരെയാണ് 30.05.2015-ൽ വിടുതൽ ചെയ്തത്;

33 പേർ

(ബി) പ്രസ്തുത രീതിയിൽ വിടുതൽ ചെയ്ത ജീവനക്കാർ ഓരോരുത്തരും ഡയറക്ടറേറ്റിലും മേഖലാ ഓഫീസിലും ജോലി ചെയ്ത കാലയളവ് സംബന്ധിച്ച വിശദാംശങ്ങൾ നൽകുമോ;

| ക്രമ നം. | പേര് | കാലയളവ് |
|---|---|---|
| 1 | സ്റ്റാൻലി ഗോമസ് | 08.02.2001 - 30.05.2015 |
| 2 | ജെ.കെ.വിനോദ് | 15.05.1999 - 30.05.2015 |
| 3 | വി.വിജയതിലകൻ | 25.10.1999 - 30.05.2015 |
| 4 | കെ.സുരേന്ദ്രൻ | 15.12.1999 - 30.05.2015 |
| 5 | വർഗ്ഗീസ് ചാക്കോ | 21.12.1991- 30.05.2015 |
| 6 | എസ്.കൃഷ്ണവേണി | 20.05.1999 - 30.05.2015 |
| 7 | രേണുകാ ദേവി.ആർ | 21.12.1999 - 30.05.2015 |
| 8 | ആലീസ്.പി.ജോൺ | 04.12.1999 - 30.05.2015 |
| 9 | ബി.വിജയൻ | 10.10.2000 - 30.05.2015 |
| 10 | കെ.എം.സുജാത | 12.12.2000 - 30.05.2015 |
| 11 | കെ.ഹരികൃഷ്ണൻ | 24.[illegible] |
| 12 | എസ്.ബാബു | 08.02.2001 - 30.05.2015 |
| 13 | രമേശൻ.പി | 14.02.2001- 30.05.2015 |

| | | |
|---|---|---|
| 14 | ആർ.റീബ | 08.02.2001 - 30.05.2015 |
| 15 | ശ്രീകുമാരി.സി | 12.02.2001 - 30.05.2015 |
| 16 | എസ്.വേദവ്യാസൻ | 08.02.2001 - 30.05.2015 |
| 17 | കെ.ശിവമുത്തു | 23.01.2004- 30.05.2015 |
| 18 | അനിത.കെ.എസ് | 13.02.2004 - 30.05.2015 |
| 19 | റ്റി.എസ്.സുരേഷ് കുമാർ | 04.12.1999- 30.05.2015 |
| 20 | എം.നാസറുദ്ദീൻ | 08.02.2001 - 30.05.2015 |
| 21 | എൻ.രാജീവ് | 08.02.2001- 30.05.2015 |
| 22 | കെ.അജിത് കുമാർ | 13.02.2001 - 30.05.2015 |
| 23 | പി.ആർ.രശ്മി | 01.02.2001 - 30.05.2015 |
| 24 | മീര.ജി.കെ | 07.02.2001- 30.05.2015 |
| 25 | കെ.എസ്.സജില | 07.09.2001- 30.05.2015 |
| 26 | സാദിഖ് | 22.08.2001 - 30.05.2015 |
| 27 | ടി.കെ.ഷൈലജ | 22.08.2001 - 30.05.2015 |
| 28 | മഞ്ജുഷ | 04.09.2001- 30.05.2015 |
| 29 | ആർ.തങ്കം | 13.10.1999 - 30.05.2015 |
| 30 | കെ.എസ്.ഗീതാകുമാരി | 20.05.1999 - 30.05.2015 |
| 31 | ബാബുജി.കെ | 07.02.1992 - 30.05.2015 |
| 32 | നാസറുദ്ദീൻ.എ | 22.11.2001 - 30.05.2015 |
| 33 | അശോക് കുമാർ | 22.11.2001 - 30.05.2015 |

(സി) ഉയർന്ന തസ്തികയിലേക്കുള്ള സ്പെഷ്യൽ റൂൾസും സംയോജിത സീനിയോറിറ്റി ലിസ്റ്റും 2015 മേയ് 31 നകം തയ്യാറാക്കണമെന്ന സർക്കാർ ഉത്തരവിലെ നിർദ്ദേശം പാലിച്ചിട്ടുണ്ടോ; ഇതുസംബന്ധിച്ച് ഇതുവരെ സ്വീകരിച്ച നടപടികളുടെ സ്ഥിതിയെന്ത്;

27.04.2015-ലെ ജി.ഒ(എം.എസ്)നം.96/15/പൊ.വി.വ ഉത്തരവ് പ്രകാരം 03.12.2012-ലെ സർക്കാർ ഉത്തരവ് നം.5779/12/പൊ.വി.വ അനുസരിച്ച് ഹയർ സെക്കന്ററി വിദ്യാഭ്യാസ ഡയറക്ടർ, സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ, അഡീഷണൽ സെക്രട്ടറി (പൊതു വിദ്യാഭ്യാസ വകുപ്പ്) എന്നിവർ അംഗങ്ങളായ അനോമലി റെക്റ്റിഫിക്കേഷൻ കമ്മിറ്റി എല്ലാ വിധത്തിലുമുള്ള പരിഹരിക്കപ്പെടാനുള്ള ജീവനക്കാരുടെ പെൻഷൻ കോൺട്രിബ്യൂഷൻ തിരിച്ചടക്കൽ, ജീവനക്കാരുടെ ഇന്റഗ്രേറ്റഡ് സീനിയോറിറ്റി ലിസ്റ്റ് തയ്യാറാക്കൽ, അസിസ്റ്റന്റ് ഡയറക്ടർ/ഡെപ്യൂട്ടി ഡയറക്ടർ/ജോയിന്റ് ഡയറക്ടർ എന്നീ തസ്തികകളിലെ സ്പെഷ്യൽ റൂൾസ് രൂപീകരണം എന്നിവ സംബന്ധിച്ച് 31.05.2015-ന് മുമ്പായി തീരുമാനം കൈക്കൊള്ളുമെന്ന് ഉത്തരവായിരുന്നു. എന്നാൽ, ഇതുസംബന്ധിച്ച് വ്യക്തമായ ശുപാർശ ഹയർസെക്കന്ററി വിദ്യാഭ്യാസ ഡയറക്ടർ ലഭ്യമാക്കേണ്ടതുണ്ട്. ആയത് ലഭ്യമായാലുടൻ ഈ വിഷയം സംബന്ധിച്ച് അന്തിമ തീരുമാനം എത്രയും വേഗം കൈക്കൊള്ളുന്നതാണ്.

(ഡി) പി&എ ആർ ഡിയുടെ നിർദ്ദേശവും 31.05.2015 നകം ഉയർന്ന തസ്തികകളിലേക്കുള്ള സ്പെഷ്യൽ റൂൾസും സംയോജിത സീനിയോറിറ്റി ലിസ്റ്റും തയ്യാറാക്കണമെന്ന ഉത്തരവും ഇനിയും നടപ്പിലാക്കാത്ത സാഹചര്യത്തിൽ സർവ്വകലാശാലാ ജീവനക്കാരുടെ വിടുതൽ മാത്രം ഏക അജണ്ടയായി പരിഗണിച്ച് നടപ്പിലാക്കിയതിന്റെ സാംഗത്യം വ്യക്തമാക്കാമോ?

കോളേജുകളിൽ നിന്നും പ്രീഡിഗ്രി വേർപ്പെടുത്തിയതിനെ തുടർന്ന് രൂപീകൃതമായ ഹയർസെക്കന്ററി വിദ്യാഭ്യാസ വകുപ്പിൽ 1992 മുതൽ യൂണിവേഴ്സിറ്റികളിൽ നിന്നും ക്ലറിക്കൽ തസ്തികകളിൽ ജീവനക്കാരെ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമിക്കുകയുണ്ടായി. 14.05.2010 തീയതിയിലെ ജി.ഒ(എം.എസ്)72/2010/പൊ.വി.വ ഉത്തരവ് പ്രകാരം യൂണിവേഴ്സിറ്റികളിൽ നിന്നും ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ ജോലി ചെയ്തിരുന്ന ജീവനക്കാരെ വകുപ്പിൽ സ്ഥിരപ്പെടുത്തുന്നതിന് ഉത്തരവായെങ്കിലും അതിന്റെ നടപടിക്രമങ്ങൾ ചില കാരണങ്ങളാൽ പൂർത്തീകരിക്കാൻ കഴിഞ്ഞിരുന്നില്ല. ഹയർസെക്കന്ററി വിദ്യാഭ്യാസ വകുപ്പിലെ മിനിസ്റ്റീരിയൽ തസ്തികകളിൽ ജോലി നോക്കിവന്നിരുന്ന ഇവർ മാതൃസ്ഥാപന

ങ്ങളിലെ എല്ലാവിധ പ്രൊമോഷനുകളും മറ്റും അനുഭവിച്ച് വരികയായിരുന്നു. ഹയർ സെക്കന്ററി വിദ്യാഭ്യാസ വകുപ്പിനെ സ്ഥിരം ജീവനക്കാരെ നിയമിച്ച് പൂർണ്ണമായ തോതിൽ സ്വയം പര്യാപ്തമായ ഒരു വകുപ്പിന്റെ പദവിയിലേക്ക് കൊണ്ടു വരുന്നതിന്റെ ഭാഗമായാണ് 2010-ലെ മേൽ നമ്പർ സർക്കാർ ഉത്തരവിന് തുടർച്ചയായി 27.04.2015-ലെ ജി.ഒ(എം.എസ്)നം.96/15/പൊ.വി.വ ഉത്തരവ് പ്രകാരം വകുപ്പിൽ തുടരാൻ താല്പര്യമുള്ള യൂണിവേഴ്സിറ്റി ജീവനക്കാരെ അബ്സോർബ് ചെയ്യുന്നതിനും, അല്ലാത്തവരെ വിടുതൽ ചെയ്യുന്നതിനും ഉത്തരവായിരിക്കുന്നത്.

സെക്ഷൻ ഓഫീസർ